# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1215 30.01.2018 ലെ മറുപടിയ്ക്ക്**

**മേപ്പൂക്കട മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം<br>ശ്രീ.ഐ.ബി.സതീഷ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ മലയിൻകീഴ് മേപ്പൂക്കട പ്രദേശത്ത് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച E 1220020/M PWD&R 2017 നം നിവേദനത്തിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് വിശദമാക്കാമോ; ആയതിന്റെ തുടർ നടപടിയെന്തെന്ന് വിശദമാക്കാമോ; ഇതിനായുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (എ) 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം തിരുമല കാട്ടാക്കട പ്രധാന റോഡിന്റെ വളവിലാണ്. ഈ ഭാഗത്ത് നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിന്റെ പ്രൊപ്പോസൽ ഉള്ളതിനാൽ പ്രസ്തുത സ്ഥലം അപര്യാപ്തമാണ്. കൂടാതെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിച്ച് കെട്ടിടത്തിന്റെ രൂപരേഖ പൂർത്തിയാക്കിയതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ